പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 916 30/11/2018 ൽ മറുപടിക്ക്

**കന്നുകാലികൾക്കും കർഷകർക്കുമുള്ള ഇൻഷ്വറൻസ് പദ്ധതികൾ**

ചോദ്യം മറുപടി

**ശ്രീ. എൽദോ എബ്രഹാം:** അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലികൾക്കും കർഷകർക്കും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ; | എ) | കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (എൻ.എൽ.എം) 2016 -17 എന്ന പദ്ധതിയും, കേരള സർക്കാരിന്റെ ഗോസമൃദ്ധി 2017 -18 എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ എൻ.എൽ.എം 2016 -17 പദ്ധതി പൂർത്തീകരിച്ചു. ഗോസമൃദ്ധി 2017 -18 പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. കന്നുകാലികൾക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന കേരള സർക്കാരിന്റെ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018 -19, കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ എൻ.എൽ.എം പ്ലസ് 2017 -18 എന്നിവയുടെ പദ്ധതിനിർവ്വഹണം 2018 നവംബർ മാസത്തിൽ ആരംഭിച്ചു. |
| ബി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) | ഗോസമൃദ്ധി പ്ലസ് 2018 -19, എൻ എൽ എം പ്ലസ് 2017- 18 എന്നീ പദ്ധതികൾ സമന്വയിപ്പിച്ചാണ് ഫീൽഡ്തലത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നത്. ഈ പദ്ധതികൾ പ്രകാരം മരണം / ഉത്പാദന പ്രത്യുത്പാദനക്ഷമതാനഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിം ആയി നൽകുന്നു. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില ₹50,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉരുവിന്റെ മതിപ്പുവിലയുടെ 2.8 % ഒരു വർഷത്തേക്കും 6.54 % മൂന്ന് വർഷത്തേക്കും എന്ന നിരക്കിൽ പ്രീമിയം കണക്കാക്കുന്നതാണ്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50 % വും എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70 % വും സർക്കാർ സബ്സിഡിയായി നൽകുന്നു.<br><br>ജനറൽ വിഭാഗത്തിലുള്ളവർക്ക് ₹ 50,000/- രൂപ മതിപ്പുവിലയുള്ള ഉരുവിന് ഒരു വർഷത്തേക്ക് ഇൻഷ്വറൻസ് പരിരക്ഷക്ക് ₹700 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി ₹42 രൂപയും ചേർത്ത് പ്രീമിയമായി ആകെ |

| | | | |
|---|---|---|---|
| | | | ₹742 രൂപയും, മൂന്ന് വർഷത്തേക്ക് ഉരുവിന്റെ ഇൻഷ്വറൻസ് പരിരക്ഷക്ക് ₹ 1635 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി ₹114 രൂപയും ചേർത്ത് ആകെ ₹ 1749 രൂപയും പ്രീമിയമായി അടച്ചാൽ മതി.<br><br>എസ്.സി / എസ്.ടി വിഭാഗത്തിലുള്ളവർക്ക് ₹ 50,000 രൂപ മതിപ്പുവിലയുള്ള ഉരുവിന് ഒരു വർഷത്തേക്ക് ഇൻഷ്വറൻസ് പരിരക്ഷക്ക് ₹420 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി ₹42 രൂപയും ചേർത്ത് ആകെ ₹462 രൂപയും മൂന്ന് വർഷത്തേക്ക് ഇൻഷ്വറൻസ് പരിരക്ഷക്ക് ₹ 981 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി ₹ 114 രൂപയും ചേർത്ത് ₹1095 രൂപയും പ്രീമിയമായി അടച്ചാൽ മതി.<br><br>₹ 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. ₹ 50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലക്ക് ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 1 വർഷത്തേക്ക് 4 % വും 3 വർഷത്തേക്ക് 9 % വുമാണ് പ്രീമിയം നിരക്ക്. |
| സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരുടെ ഇൻഷ്വറൻസ് പ്രീമിയം തുക സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | സി) | പ്രീമിയം തുക മുഴുവനായും സർക്കാർ സബ്സിഡി നൽകുന്ന പദ്ധതികൾ നിലവിലില്ല.<br>നിലവിൽ ജനറൽ വിഭാഗത്തിലുള്ള കർഷകരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ 50 % വും എസ്.സി / എസ്.ടി വിഭാഗത്തിലുള്ള കർഷകരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാനായി 70 % വുമാണ് സബ്സിഡി നൽകുന്നത്. |

സെക്ഷൻ ഓഫീസർ